**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**23.06.2014** ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ: **3420**

## നാട്ടിക മണ്ഡലത്തിലെ കടലേറ്റം തടയാൻ നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ഗീതാഗോപി | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) | |
| (എ) | നാട്ടിക മണ്ഡലത്തിലെ വലപ്പാട്, നാട്ടിക, തളിക്കുളം സമുദ്ര തീരപ്രദേശങ്ങളിൽ കാലവർഷം ശക്തിപ്പെടുമ്പോ ഴുണ്ടാകുന്ന കടലേറ്റം തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | 16-06-2014 -ാം തീയതിയിലെ ജി.ഒ. (എം.എസ്) നമ്പർ 258/2014/ഡി.എം.എഡി എന്ന സർക്കാർ ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലയിലെ തീരദേശ മേഖലയിൽ അടിയന്തിര കടലാക്രമണ നിരോധന പ്രവർത്തനങ്ങൾക്കായി സർക്കാർ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൻപ്രകാരം അടിയന്തിര സംരക്ഷണ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രദേശങ്ങളിലെ പുലിമുട്ടുകളുടെ നിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിക്കപ്പെട്ടി ട്ടുണ്ടോ; ഇതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും അറിയി ക്കുമോ? | (ബി) | കോസ്റ്റൽ എഞ്ചിനീയറിംഗ് ഫീൽഡ് സ്റ്റഡീസ് വിഭാഗവും സി.ഡബ്ല്യു.പി. ആർ.എസ്. പൂനെയുമായി ബന്ധപ്പെട്ട കേരളത്തിലുടനീളം പുലിമുട്ടിന്റെ കാര്യക്ഷമതയെക്കുറിച്ചുള്ള പഠനത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ വാടാനപ്പിള്ളി മേഖലയിലേക്കായി 25 ലക്ഷം രൂപയ്ക്കും കേരളത്തിലെ മറ്റു ഭാഗങ്ങളിലേക്കായി 42,83,130/- രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പുലിമുട്ടുകളുടെ നിർമ്മാണം എന്ന് ആരംഭിക്കുമെന്നും എപ്പോൾ പൂർത്തിയാക്കു മെന്നും അറിയിക്കുമോ? | (സി) | മേൽപ്പറഞ്ഞ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ